തൈക്കാട് വില്ലേജിലെ അനധികൃത കെട്ടിടനിർമ്മാണം

61 [149] *ശ്രീ. വി. ജെ. പൗലോസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം താലൂക്കിൽ തൈക്കാട് വില്ലേജിൽ സർവ്വേ നമ്പർ 199-ൽ ടി. സി. 14/1764 നമ്പർ വീടിന് തിരുവനന്തപുരം നഗരസഭയിലെ അസസ്മെന്റ് രജിസ്റ്റർ അനുസരിച്ച് എത്ര നിലകളും മുറികളുമുണ്ട്;

(ബി) പ്രസ്തുത വസ്തുവിന്റെയും വീടിന്റെയും ഉടമസ്ഥനാരാണ്;

(സി) ഈ വീടിന് രണ്ടാം നില പണിയുവാൻ അനുവാദത്തിന് അപേക്ഷിച്ചിരുന്നോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) അപേക്ഷിച്ചത് യഥാർത്ഥ ഉടമയാണോ എന്നറിയുവാൻ വസ്തുവിന്റെ ആധാരം ആവശ്യപ്പെട്ടിരുന്നോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; പ്രസ്തുത പണിക്ക് അനുമതി നൽകിയ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ;

(ഇ) അനധികൃത നിർമ്മാണം സംബന്ധിച്ച് 2004 ജൂലൈ മാസത്തിൽ കോർപ്പറേഷന് പരാതി ലഭിച്ചിരുന്നോ; എങ്കിൽ ഇതിൻമേൽ എന്തു നടപടിയെടുത്തു;

(എഫ്) കെട്ടിടത്തിനോടു ചേർന്ന് അനധികൃതമായി എത്ര മുറികൾ നിർമ്മിച്ചു; അനധികൃത നിർമ്മാണം നടത്താൻ അനുവാദം കൊടുത്തവരുടെയും കൂടുതൽ മുറി നിർമ്മിച്ചവരുടെയും പേരിൽ നടപടിയെടുക്കുമോ;

(ജി) പ്രസ്തുത കെട്ടിടത്തിൽ അനധികൃതമായി നിർമ്മിച്ച മുറികളിൽ എത്ര കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്; ഇതിന് കോർപ്പറേഷൻ ലൈസൻസ് നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കുമോ;

(എച്ച്) അവിടെ ഭക്ഷണസാധനങ്ങൾ, പുകയില ഉൽപ്പന്നങ്ങൾ മുതലായവ വിൽക്കുന്നതിന് പ്രത്യേക ലൈസൻസ് എടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന്റെ പേരിൽ നിയമാനുസൃതം നടപടിയെടുക്കുമോ;

(ഐ) അനധികൃതമായി ഈ കെട്ടിടത്തിൽ നിർമ്മാണ പ്രവർത്തനവും അവിടെ ലൈസൻസില്ലാതെ കച്ചവട സ്ഥാപനങ്ങൾ നടത്തുന്നതിനും സാഹചര്യം സൃഷ്ടിച്ച തിരുവനന്തപുരം കോർപ്പറേഷനിലെ ടൗൺ പ്ലാനിംഗ് വിഭാഗത്തിനും ഹെൽത്ത് വകുപ്പിനും ഉള്ള പങ്ക് എന്താണെന്ന് വിശദീകരിക്കുമോ;

(ജെ) ഇക്കാര്യത്തെപ്പറ്റി അന്വേഷിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെമേൽ സ്വീകരിച്ച നടപടിയെന്തെന്നറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(കെ) അനധികൃത നിർമ്മാണം ഒറിജിനൽ കെട്ടിടത്തിനു കേടുവരാത്ത നിലയിൽ പൊളിപ്പിക്കുകയും ഒറിജിനൽ കെട്ടിട ഉടമയ്ക്ക് ഉണ്ടായിട്ടുള്ള നഷ്ടത്തിന് പരിഹാരം നൽകുകയും ചെയ്യുവാൻ നടപടിയെടുക്കുമോ?

ഉത്തരം

(എ) നഗരസഭയിലെ അസസ്മെന്റ് രജിസ്റ്റർ പ്രകാരം മൂന്നു മുറികളുള്ള ടെറസ്സ് കെട്ടിടമാണ്. ടി. സി. 14/1764.

(ബി) ശ്രീ. വി. എൻ. രാമചന്ദ്രൻ.

(സി) അനുവാദത്തിന് അപേക്ഷിച്ചിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) ഇല്ല.

(എഫ്) ഒന്നാം നിലയിൽ അനധികൃതമായി മൂന്നു മുറികൾ നിർമ്മിച്ചിട്ടുണ്ട്. നിർമ്മാണം അനധികൃതമായതിനാൽ അതിനെതിരെ നഗരസഭ നടപടി ആരംഭിച്ചിരുന്നു. എന്നാൽ കൈവശാവകാശക്കാരിയായ ശ്രീമതി ശാന്ത ബഹു. ഹൈക്കോടതിയിൽനിന്നും നഗരസഭയുടെ നടപടികൾക്കെതിരെ സ്റ്റേ വാങ്ങി. പ്രസ്തുത പ്രശ്നത്തിൻമേൽ തീരുമാനമെടുക്കുന്നതിന് സർക്കാരിലേക്ക് അപ്പീൽ സമർപ്പിക്കാൻ ഹൈക്കോടതി നിർദ്ദേശിച്ചതിൻപ്രകാരം ശ്രീമതി ശാന്ത സർക്കാരിൽ അപ്പീൽ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം അപ്പീലുകൾ ഇപ്പോൾ തീർപ്പാക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണലാണ്. അതിനാൽ ട്രൈബ്യൂണലിന്റെ തീരുമാനം ഉണ്ടാകുന്ന മുറയ്ക്ക് അനധികൃത നിർമ്മാണത്തിനെതിരെ നഗരസഭ നടപടി സ്വീകരിക്കുന്നതാണ്.

(ജി) രണ്ട്. പ്രസ്തുത സ്ഥാപനങ്ങൾക്ക് കോർപ്പറേഷൻ കച്ചവട ലൈസൻസ് നൽകിയിട്ടില്ല.

(എച്ച്) പ്രസ്തുത രണ്ട് കച്ചവട സ്ഥാപനങ്ങളിലും ഭക്ഷണസാധനങ്ങൾ, പുകയില ഉൽപന്നങ്ങൾ മുതലായവയുടെ വിൽപ്പനയില്ല.

(ഐ) ഇക്കാര്യത്തിൽ കോർപ്പറേഷനിലെ ഉദ്യോഗസ്ഥൻമാരുടെ പങ്കിനെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ടു നൽകാൻ കോർപ്പറേഷൻ സെക്രട്ടറിക്കു നിർദ്ദേശം നൽകിയിട്ടുണ്ട്.

(ജെ) നഗരസഭാ സെക്രട്ടറിയുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

(കെ) ട്രൈബ്യൂണലിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly